# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ജീവനക്കാര്യം:തിരുവനന്തപുരം ജില്ലാ ഇൻഫർമേഷൻ ഓഫീസർ, ശ്രീ.അരുൺകുമാർ.എ–പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിൽ അന്യത്ര സേവനവ്യവസ്ഥയിൽ നിയമനം-ജോലിയിൽ പ്രവേശിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് -

---

**ഭരണം എ5 വിഭാഗം**

സ.ഉ.നം :6887/എ5/4/2018/ഭ.വി പി.ഡി.ഹിൽസ്,തീയതി:19/09/2018

---

പരാമർശം:1)20.08.2018 തീയതിയിലെ 6218/എ5/4/2018/ഭ.വി നമ്പർ സർവകലാശാല ഉത്തരവ്

2)ഇൻഫർമേഷൻ ആൻറ് പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ 21.08.2018 ലെ എ1/192/2018/ഐ&പി.ആർ.ഡി നമ്പർ നടപടിക്രമം.

3)23.08.2018 തീയതിയിലെ എഡി1502/എ5/4/2018/ഭ.വി നമ്പർ മെമ്മോ.

4)06.09.2018 തീയതിയിൽ ശ്രീ.അരുൺകുമാർ.എ, സമർപ്പിച്ച കത്ത്.

5)ഇൻഫർമേഷൻ ആൻറ് പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ 18.09.2018ലെ എ.1/192/2018/ഐ&പി.ആർ.ഡി നമ്പർ നടപടിക്രമം.

6)19.09.2018 തീയതിയിൽ ശ്രീ.അരുൺകുമാർ.എ, സമർപ്പിച്ച അപേക്ഷ, കാര്യാരംഭ റിപ്പോർട്ട്

## <u>ഉത്തരവ്</u>

തിരുവനന്തപുരം ജില്ലാ ഇൻഫർമേഷൻ ഓഫീസറായി സേവനം അനുഷ്ഠിക്കുന്ന ശ്രീ.അരുൺകുമാർ.എ, നിലവിൽ അദ്ദേഹം ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നും നിരാക്ഷേപ പത്രം ഹാജരാക്കുന്ന മുറയ്ക്ക്, അന്യത്ര സേവന വ്യവസ്ഥ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട്, ഒരു വർഷത്തേയ്ക്ക് മഹാത്മാഗാന്ധി സർവകലാശാലയിൽ ഒഴിവുള്ള പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിൽ, നിയമിക്കുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിച്ചിരുന്നു.

പരാമർശം (2) പ്രകാരം ശ്രീ.അരുൺകുമാർ.എ നിരാക്ഷേപ പത്രം ഹാജരാക്കിയ സാഹചര്യത്തിൽ മാതൃസ്ഥാപനത്തിൽ നിന്നുള്ള വിടുതൽ ഉത്തരവ് സഹിതം 15 ദിവസത്തിനകം സർവകലാശാല രജിസ്ട്രാറുടെ മുൻപാകെ ജോലിക്ക് ഹാജരാകണമെന്ന് കാണിച്ച് പരാമർശം (3) പ്രകാരം മെമ്മോ നൽകിയിരുന്നു. ജോലിക്ക് ഹാജരാകുന്നതിനുള്ള കാലാവധി ദീർഘിപ്പിച്ചു നൽകണമെന്നുള്ള അദ്ദേഹത്തിൻെറ പരാമർശം (4) അപേക്ഷ പരിഗണിച്ച ബഹു.വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസ്സർ ജോലിയിൽ പ്രവേശിക്കുന്നതിന് 15 ദിവസം കൂടി അനുവദിച്ച് ഉത്തരവായിരുന്നു. ശ്രീ.അരുൺകുമാർ.എ.യെ മഹാത്മാഗാന്ധി സർവകലാശാലയിൽ, അന്യത്ര സേവന വ്യവസ്ഥയിൽ പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിൽ, പ്രവേശിക്കുന്നതിലേയ്ക്കായി 18.09.2018 അപരാഹ്നം പ്രാബല്യത്തിൽ വകുപ്പിൽ നിന്നും പരാമർശം (5) പ്രകാരം വിടുതൽ ചെയ്യുകയും 19.09.2018 പൂർവാഹ്നം പ്രാബല്യത്തിൽ സർവകലാശാലയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് പരാമർശം (6) പ്രകാരം കാര്യാരംഭ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

ശ്രീ.അരുൺകുമാർ.എ, ഹ്യബയേന്ദു, തിരുവാതുക്കൽ, വേളൂർ.പി.ഒ, കോട്ടയം, എന്ന വ്യക്തിയെ പബ്ലിക് റിലേഷൻസ് ഓഫീസർ തസ്തികയിൽ ഒരു വർഷത്തേയ്ക്ക് അന്യത്ര സേവന വ്യവസ്ഥയിൽ നിയമിച്ച് കൊണ്ട് ബഹു.വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസ്സർ, ഉത്തരവായിരിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്/-
ബാബുരാജ്.എ.വാര്യർ
അസിസ്റ്റൻറ് രജിസ്ട്രാർ II (ഭ.വി)
രജിസ്ട്രാർക്കു വേണ്ടി

പകർപ്പ്

1. ശ്രീ.അരുൺകുമാർ.എ
2. ഇൻഫർമേഷൻ ആൻറ് പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ
3. വി.സിയുടെ പ്രൈവറ്റ് സെക്രട്ടറി
4. രജിസ്ട്രാർ/എഫ്.ഒ/ സി.ഇ എന്നിവരുടെ പേഴ്സണൽ അസിസ്റ്റൻറ്
5. പി.ആർ.ഒ. ഇൻ ചാർജ്ജ്
6. ജോയിൻറ് ഡയറക്ടർ,കെ,എസ്.എ.ഡി
7. എഡിഎ1/എൻ.എ.എ.സി/ എഫ്.സി.സി
8. എ.ആർ II/ഡി.ആർ II/ജെ.ആർ I (ഭ.വി.)
8. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ
9. റെക്കോഡ്സ്/ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Harmila Begum

സെക്ഷൻ ഓഫീസർ

ഫയൽ നം.1502/എ5/4/2018/ഭ.വി

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം